**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4256** **09-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീമതി കെ.കെ.രമ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് സാഹചര്യത്തിൽ തൊഴിൽ നഷ്ടം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | എ) കോവിഡ്-19 രണ്ടാം തരംഗം മൂലം ഉണ്ടായിട്ടുള്ള അടിയന്തര സാഹചര്യം നേരിടുന്നതിന് പൊതു/ സ്വകാര്യ മേഖലയിലും, നിർമ്മാണ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിലെയും സ്ഥാപനങ്ങളുടെ ഉടമകൾക്കും ഫാക്ടറി ഉടമകൾക്കും നിർദ്ദേശം നൽകിയതിൻ പ്രകാരം ടി കാലയളവിൽ സ്ഥാപനങ്ങളിൽ യാതൊരു തരത്തിലുള്ള ലേ-ഓഫ്, ലോക്കൗട്ട്, റിട്രഞ്ച്മെന്റ്, ടെർമിനേഷൻ തുടങ്ങിയ നടപടികൾ ഒന്നും തന്നെ സ്വീകരിക്കുവാൻ പാടുള്ളതല്ല. കൂടാതെ കാഷ്വൽ, ടെമ്പററി, ബദലി, കോൺട്രാക്ട്, ട്രെയിനി, ദിവസ വേതനം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ പിരിച്ചു വിടാനോ, അവരുടെ വേതനത്തിൽ കുറവു വരുത്താനോ പാടുള്ളതല്ല. തർക്കമുണ്ടെങ്കിൽ ഇക്കാര്യത്തിൽ തൊഴിലുടമ, കോൺട്രാക്ടർ എന്നിവരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |
| (ബി) | തൊഴിൽ നഷ്ടം സംഭവിക്കുന്നവർക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി ജോലി നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ബി) കോവിഡ് സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുതിയ മേഖലകൾ കണ്ടെത്തി സ്വയം തൊഴിൽ ചെയ്യുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരമുള്ള സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം വായ്പാ/സബ്സിഡി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ, ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടവർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും എംപ്ലോയബിലറ്റി സെന്റർ നടത്തുന്ന ജോബ് ഫെയറുകളിൽ പങ്കെടുക്കാവുന്നതുമാണ്. എംപ്ലോയബിലിറ്റി സെന്റർ/ കരിയർ ഡെവലപ്മെന്റ് സെന്റർ/ മോഡൽ കരിയർ |

| | | | |
|---|---|---|---|
| | | | സെന്ററുകളുമായി ബന്ധപ്പെട്ടാൽ നിലവിലെ സാഹചര്യത്തിൽ പുതിയ തൊഴിൽ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് കരിയർ ഗൈഡൻസ് സേവനങ്ങളും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ